- കമ്മ്യൂണിറ്റി കൗൺസിലർമാരെ പരിശീലനം നൽകി ടി ബ്ലോക്കുകളിൽ നിയോഗിച്ചിട്ടുണ്ട്.
- സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ ടി ബ്ലോക്കുകളിൽ ആരംഭിച്ചിട്ടുണ്ട്.
- ബ്ലോക്കുതല മൈഗ്രേഷൻ സെന്റർ, അക്രഡിറ്റഡ് സേഫ് ഹോംസ് എന്നിവ ആരംഭിച്ചിട്ടുണ്ട്.

വൃദ്ധ സദനങ്ങൾ

250 (4293) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും ആർക്കാണെന്ന് അറിയിക്കുമോ ;

(ബി) ഇതിനായി പ്രത്യേക ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) എങ്കിൽ ആരെല്ലാമാണ് അംഗങ്ങൾ ;

(ഡി) ചെയർമാന്റെയും ബോർഡംഗങ്ങളുടെയും സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും ഓർഫനേജ് കൺട്രോൾ ബോർഡിനാണ്.

(ബി) ഇല്ല.

(സി &ഡി) ബാധകമല്ല.

ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം

251 (4294) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതിവകുപ്പ് നേരിട്ട് നടത്തുന്ന ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ചെലവിനത്തിനുള്ള തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ വർദ്ധനവ് സംബന്ധിച്ച വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വർദ്ധനവിനനുസരിച്ച് അന്തേവാസികൾക്ക് നൽകുന്ന സൗകര്യങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ക്ഷേമസ്ഥാപനങ്ങളിൽ കാലാകാലങ്ങളിലും അപ്രതീക്ഷിതമായും ഇൻസ്പെക്ഷൻ നടത്താനും റിപ്പോർട്ടുകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനുമുള്ള സംവിധാനം കാര്യക്ഷമമാക്കുമോ ?

ഉത്തരം

(എ&ബി) .ഉണ്ട്. വർദ്ധനവ് വരുത്തിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) കാര്യക്ഷമമാക്കുന്നതാണ്.

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി

252 (4295) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതിവകുപ്പ് "ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ" പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. സമൂഹത്തിൽ സർക്കാർ, സർക്കാരിതര മേഖലയിൽ കുട്ടികളുടെ വ്യക്തി വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനുംവേണ്ടി നിലകൊള്ളുന്ന വിവിധ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടേയും പ്രവർത്തനത്തിന്റെ ഏകോപനത്തിന് സാഹചര്യമൊരുക്കുക.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly